പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3295 08-11-2019-ലെ മറുപടിയ്ക്ക്

**കർഷകരക്ഷാ പാക്കേജ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി. ബാലകൃഷ്ണൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ആവർത്തിച്ചുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനത്തെ കർഷകരുടെ ജീവിതത്തെ സാരമായി ബാധിച്ചുവെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മുമ്പെങ്ങുമില്ലാത്ത വിധത്തിൽ ഉണ്ടായിട്ടുള്ള കാർഷിക ഉല്പന്ന വില തകർച്ചയിലും, പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള കൃഷിനാശത്തിലും ഉഴലുന്ന കർഷകർക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | (ബി) | കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടുന്നതിനും ന്യായമായ വില ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നെല്ല് സംഭരിച്ചു വരുന്നു. 26.95 രൂപയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. സംഭരിച്ച നെല്ലിന്റെ വില സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും കർഷകർക്ക് നേരിട്ട് നൽകി വരുന്നു. റബ്ബറിന് വില സ്ഥിരത ഉറപ്പാക്കുന്നതിന് "റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി" നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.<br>സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ആറു മൊത്ത വ്യാപാര വിപണികളും കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ജില്ലാ സംഭരണ കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായവില ലഭിക്കുന്നതിന് അവസരമുണ്ടാക്കുന്നു. ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി സംഭരിക്കുകയും ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പന ശാലകൾ വഴി വില്പന നടത്തുകയും ചെയ്തു വരുന്നു.<br>കർഷകരിൽ നിന്നുള്ള പച്ചക്കറി ഉല്പന്നങ്ങൾ വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ച വരുന്ന സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് കച്ചവടക്കാരുടെ സാന്നിദ്ധ്യത്തിൽ ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായമായ വില കർഷകർക്ക് ലഭിക്കുന്നു.<br>ഇത് കൂടാതെ കാർഷിക ഉൽപന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനായി കാർഷിക വിളകളുടെ സംസ്കരണം മൂല്യവർദ്ധനവിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രധാനമായും SFAC മുഖേനയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്. കാർഷിക ഉൽപന്നങ്ങളുടെ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ധനസഹായം നൽകുന്നുണ്ട്. കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനായി ഇൻക്യുബേഷൻ സെന്ററുകൾ മുഖാന്തിരം പരിശീലനം നൽകി വരുന്നു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം, ശ്രീകാര്യം, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രം, കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി, തിരുവനന്തപുരം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ഇതിനുള്ള സജ്ജീകരണങ്ങൾ ലഭ്യമാണ്.<br>പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് വിളനാശത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകുന്നു. കൂടാതെ വിള ഇൻഷുറൻസ് പദ്ധതി പ്രകാരം ചെറിയ പ്രീമിയത്തിൽ വിള നാശത്തിന് |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരം അനുവദിക്കുന്ന സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിക്ക് പുറമെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കേര ഇൻഷുറൻസ് പദ്ധതി കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി, പ്രധാനമന്ത്രി ഫസൽ ഭീമാ യോജന എന്നിവയും നടപ്പിലാക്കുന്നു. |
| (സി) | ഇടുക്കിയിലും, വയനാട്ടിലും ഉണ്ടായ കർഷക ആത്മഹത്യകൾക്ക് കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലങ്ങളിൽ എന്തൊക്കെ ആശ്വാസ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ പുന:ക്രമീകരിച്ച കാർഷിക ലോണുകൾക്ക് എസ്.എൽ.ബി.സി യുടെ സബ്കമ്മിറ്റി തീരുമാനപ്രകാരം 2019 ഡിസംബർ 31 വരെ മൊറട്ടോറിയം നീട്ടി നൽകിയിട്ടുണ്ട്.<br>ഇടുക്കി, വയനാട് ജില്ലകളിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് രണ്ട് ജില്ലകളിലും ലീഡ് ബാങ്ക് മാനേജർമാരുടെ അദ്ധ്യക്ഷതയിൽ അതത് ബാങ്ക് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ കേസിലും സർഫാസി നിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് ഈ സബ്കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.<br>വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ സഹകരണ ബാങ്കുകളിൽ നിന്നും 31.08.2018 വരെ എടുത്തതും അടയ്ക്കാത്തതുമായ വായ്പകൾ കർഷക കടാശ്വാസത്തിന് പരിഗണിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. രണ്ട് ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>ഇതുകൂടാതെ കൃഷി വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി, വയനാട് ജില്ലകളിൽ പ്രത്യേകമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം 2019-20 എന്ന പദ്ധതിയിൽ ഇടുക്കി ജില്ലയിലെ |

| | | | |
|---|---|---|---|
| | | | കുരുമുളകിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി "ഇടുക്കി പാക്കേജ്" എന്ന പദ്ധതിയും വയനാട് ജില്ലയുടെ കുരുമുളക് വികസനത്തിനും, ജലമണ്ണ് സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായി നടപ്പ് വർഷം 1700 ലക്ഷം രൂപയുടെ വയനാട് പദ്ധതിയും നടപ്പിലാക്കുന്നു. |
| (ഡി) | നിലവിലെ സാഹചര്യത്തിൽ കർഷകർക്ക് മാത്രമായി ഒരു കർഷകരക്ഷാ പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കർഷകരുടെ സമഗ്ര ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കർഷക വായ്പകളിൻമേൽ മൊറട്ടോറിയം പ്രഖ്യാപിച്ചും, പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്നതിനുള്ള ആനുകൂല്യം, വിള ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം എന്നിവ നൽകിയും, കാർഷിക ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കിയും, കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള വായ്പ ഇളവുകൾ അനുവദിച്ചും കർഷക ക്ഷേമത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ